# കടലിനെ ശാന്തമാക്കുന്നു, ഗദാറയിലെ പിശാ ചുബാധിതന് സൗഖ്യം

**വി. മത്തായി 8/23-27, വി. മർക്കോസ് 4/35-41, വി. ലൂക്കാ 8/22-25.**
**വി. മത്തായി 8/28-34, വി. മർക്കോസ് 5/01-17, വി. ലൂക്കാ 8/26-37.**

**Homily points collected by Fr. George Kanamkudam. Fr. Kanamkudam can be reached at** frgkanamkudam@rediffmail.com

## ആമുഖം

പുതിയ മോശയായ യേശുവിലൂടെ കൈവരുന്ന ദൈവകൃപയെപ്പറ്റി ഈ വചന ഭാഗം സംസാരിക്കുന്നു. ജീവന്റെയും മരണത്തിന്റെയും മേഖലകളിൽ അധികാര മുള്ള യേശുവിനെ ചിത്രീകരിക്കുന്നു.

## വിളിച്ചിറക്കി തോണിയിൽ കയറ്റിയവൻ

ശിഷ്യർ പലതു ഉപേക്ഷിച്ചവരാണെങ്കിലും ശാന്തിയും, സ്ഥിരതയും സ്വന്തമാക്കി യിട്ടില്ല. അവർ കൊടുങ്കാറ്റിൽ പെട്ട് ക്ലേശിക്കുന്നു. ശിഷ്യത്വം ഒരു യാത്രയാണ്. അത് എപ്പോഴും ശാന്തമായിരിക്കണമെന്നില്ല. നിലവിളിച്ച ശിഷ്യരെ അവിടുന്നു ശക്തിപ്പെടുത്തി. വിളിച്ചിറക്കി തോണിയിൽ കയറ്റിയവൻ കൈവിട്ടുവെന്ന തോന്ന ലിൽ ഉണ്ടായ നിലവിളിയാണത്. ഭയപ്പെടേണ്ട എന്ന സാന്ത്വനവുമായി ഗുരുവ രൻ രക്ഷയ്ക്കെത്തുന്നു.

ഈശോ ആദ്യം ശിഷ്യരേയും പിന്നീട് കടലിനേയും ശാന്തമാക്കുന്നു. അവരുടെ വിശ്വാസത്തിന്റെ ആഴം വർദ്ധിപ്പിക്കുന്നു.

## സഭ വിശ്വസിക്കണം

അല്പവിശ്വാസികളെ എന്ന സംബോധന വഴി മത്തായി സഭാ സമൂഹത്തെയാ കാം മുന്നിൽ കാണുന്നത്. അവരുടെ വിശ്വാസം വർദ്ധിക്കേണ്ടിയിരിക്കുന്നു.

കാറ്റു ശമിപ്പിക്കുന്നതിനു മുമ്പുള്ള സംഭാഷണത്തിനും, ഇവൻ ആര് എന്ന ചോദ്യ ത്തിനും മത്തായി പ്രാധാന്യം കൊടുത്തിരിക്കുന്നു. ഇവൻ ആര് എന്ന ചോദ്യ ത്തിന് ഉത്തരം നൽകേണ്ടത് നാമാണ്. മത്തായിയുടെ സുവിശേഷത്തിൽ അത് ജനത്തിന്റെ ചോദ്യമാണ്. ഇവനാരെന്ന് നാം ചോദിക്കേണ്ട പ്രസക്തമായ ചോദ്യ മാണ്.

സങ്കടങ്ങളിൽ സന്തോഷങ്ങളിൽ ക്രിസ്തുവിന് നമ്മിൽ എന്തു സ്ഥാനമാണുള്ള ത്. സഭ (വഞ്ചി) യെക്കുറിച്ചുള്ള മത്തായിയുടെ ചിന്തയാണത്. സഭ അൽപവി ശ്വാസത്തെ അതിജീവിക്കണം.

## യേശുവിന് ഒന്നാം സ്ഥാനം

ഒന്നിലും ഭയപ്പെടാതെ യേശുവിൽ വിശ്വസിച്ച് ഏതു കൊടുങ്കാറ്റിനേയും തരണം ചെയ്യണം. കടലിൽ ശിഷ്യരേയും കരയിൽ പിശാചുബാധിതനേയും രക്ഷിക്കുന്നവൻ ഇന്നും നമ്മെ കാക്കുന്നു. യേശുവിന് ഒന്നാം സ്ഥാനം സഭ നൽകണം.

## ക്ഷീണമല്ല, അധികാരത്തിന്റെ അടയാളം

വഞ്ചി അപകടത്തിൽ പെടുമ്പോഴും ഈശോ വഞ്ചിയിൽ കിടന്നുറങ്ങുകയാണെങ്കിൽ അത് ക്ഷീണത്തെയല്ല, ഔന്നത്യത്തെയും, അധികാരത്തേയുമാണ് കാണിക്കുന്നത്. സഭയെ നയിക്കുന്നവൻ എന്നനിലയിൽ അവിടുന്നതിനെ രക്ഷിക്കും.

## സഭയുടെ കർത്താവായ യേശു

ശിഷ്യർ ഈശോയെ കർത്താവെന്നു വിളിക്കുന്നു. എല്ലാ അധികാരവുമുള്ള കർത്താവാണ് അവിടുന്ന്. താൻ കൂടെ ഉണ്ടായിട്ടും ഭയക്കുന്നതു കൊണ്ടാണ് അൽപവിശ്വാസികളെയെന്ന് വിളിച്ച് ഈശോ ശിഷ്യന്മാരെ ശാസിക്കുന്നത്. ഭയത്തെ അതിജീവിക്കുന്ന ശക്തിയാണ് വിശ്വാസം.

വിശ്വാസിസമൂഹത്തിന്റെ നാഥൻ പ്രപഞ്ച സ്രഷ്ടാവും നിയന്താവുമാണ്. പൈശാചിക ശക്തികളുടെ മേൽ ആധിപത്യമുള്ളവൻ.

## അത്ഭുതങ്ങളുടെ അടയാളങ്ങളും കണ്ടിട്ടും

അത്ഭുതങ്ങളുടെ അടയാളങ്ങളും അടുത്തുനിന്നു വീക്ഷിച്ചിട്ടും ശിഷ്യർ വിശ്വാസത്തിൽ വളരാത്തത് യേശുവിനെ അസ്വസ്ഥനാക്കുന്നു. വെള്ളത്തിൽ മുങ്ങുന്ന വിശ്വാസമേ അവർക്കുള്ളു. വിശ്വാസക്കുറവിനെ മൂടിവയ്ക്കാനാണവർ തമ്പുരാനോട് ചോദിക്കുകയാണ്, “നാം നശിക്കുമ്പോൾ നീ ഉറങ്ങുകയാണോ” എന്ന്. വഞ്ചിയിൽ വെള്ളം നിറയുന്നതിനേക്കാൾ വേഗത്തിൽ ശിഷ്യന്മാരുടെ മനസ്സിൽ പേടി നിറഞ്ഞു.

## ദൈവവും പ്രശ്നവും

ഓ, ദൈവമേ എനിക്കു വലിയൊരു പ്രശ്നം വന്നിരിക്കുന്നു എന്നല്ല, ഓ പ്രശ്നമേ എനിക്കൊരു വലിയ ദൈവമുണ്ട് എന്നാണ് പറയേണ്ടത്. ആത്മീയസമരത്തിൽ ദുശീലങ്ങളും ബാഹ്യശക്തികളും നമ്മെ പിടികൂടും. ദൈവവിശ്വാസം നമുക്ക് ബലം തരും.

# ഗദാറയിലെ പിശാചു ബാധിതൻ

## ഗദാറ ഇന്നത്തെ കൂർസ്

പ്രക്ഷുബ്ധമായ കടലിനെ ശാന്തമാക്കിയവൻ പ്രക്ഷുബ്ധനായ ബാധിതനെയും ശാന്തമാക്കുന്നു. പിശാചുബാധിതന്റെ വിശ്വാസപ്രഖ്യാപനവും കാണാം. ആരാണോ നമ്മെ വിളിച്ചത് അവന്റെ ശക്തിമനസ്സിലാക്കുകയാണ് സഭ ചെയ്യേണ്ടത്. സമ്പൂർണ്ണ സമർപ്പണത്തിലേക്കുള്ള വിളി സ്വീകരിക്കുമ്പോൾ വിളിച്ചവന്റെ ആധികാരികതയും, അനന്ത ശക്തിയും അറിഞ്ഞിരിക്കണം.

ഗനേസറത്തു തടാകത്തിൽ നിന്നും രണ്ടു ദിവസത്തെ വഴി യാത്രാദൂരമുള്ള പട്ടണമാണ് ഗസാറ. അവിടെ നിന്നു രണ്ടു മണിക്കൂർ യാത്രാദൂരമുള്ള ചെങ്കുത്തായ സ്ഥലമാണ് ഗദാറ. ഇന്നത്തെ കൂർസ് ആയിരിക്കണം സംഭവ സ്ഥലം.

വൈകുവോളം പ്രസംഗിച്ച് ക്ഷീണിതനായ നാഥൻ തോണിയിലുറങ്ങി. കാറ്റടിച്ച് വൈകിയാണ് വഞ്ചി നീങ്ങിയത്. മറുകരെ അരണ്ട വെളിച്ചത്തിൽ പ്രേതാലയത്തിൽ നിന്നും കടന്നുവരുന്ന കല്ലറവാസി ഏവരേയും ഭയപ്പെടുത്തും. കാറ്റിനെ കടലിനെ ശാന്തമാക്കി പ്രേഷിതലക്ഷ്യമായ ഗദറായ നാട്ടിൽ കടന്നുവരുന്നു.

ഈ സംഭവം വിജാതിയ ക്രൈസ്തവരുടെ പൗരാണീകത തെളിയിക്കുന്നു.

## വിജാതിയരും സങ്കൽപങ്ങളും

ഗദാറയിൽ താമസിച്ചിരുന്നവർ വിജാതിയരാണ്. പിശാചുക്കളെ കുറിച്ചും ദുഷ്ട ദൈവങ്ങളെക്കുറിച്ചും വിശ്വാസമുള്ളവരാണ് വിജാതിയർ. മാനസികരോഗികളെ പിശാചു ബാധിതരായി അവർ കരുതി. പിശാചുക്കൾ മരുഭൂമിയിൽ വസിക്കുന്നു എന്ന സങ്കൽപവും അവർ പുലർത്തിയിരുന്നു.

## പിശാചു ബാധിതർ

മാനസിക രോഗികളായിരിക്കാം അവൻ. പലതരത്തിലുള്ള ക്ഷീണങ്ങളനുഭവിക്കുന്ന മനുഷ്യരുണ്ട്. സ്വന്തം കഴിവിലും ശക്തിയിലും ദുരഭിമാനം കൊള്ളുന്നവർ. തങ്ങളുടെ ശോചനീയാവസ്ഥ തിരിച്ചറിയാത്തവർ. അപ്രതീക്ഷിതമായി വന്നു ചേരുന്ന സാമ്പത്തികനേട്ടങ്ങളോ, ഭൗതിക വളർച്ചയോ, ആകസ്മീക നഷ്ടങ്ങളോ, മരണങ്ങളോ മനുഷ്യനെ അവനല്ലാതാക്കി മാറ്റുന്നു.

ബലങ്ങളിൽ നിലമറക്കാതെ ബലഹീനതകളിൽ വിനയം വിടാതെ നമ്മെ കരം പിടിച്ചുയർത്തുന്നവന്റെ നന്മകൾക്കായി നമ്മെ വിട്ടുകൊടുക്കാം, ഞങ്ങളുടെ കാര്യങ്ങളിൽ ഇടപെടണമേയെന്നു പ്രാർത്ഥിക്കാം.

## ദൈവാധിപത്യത്തിന്റെ വരവും  പിശാചും

ദൈവപുത്രപദവി പിശാച് ഈശോയ്ക്ക് അംഗീകരിച്ച് കൊടുക്കുന്നു. ദൈവരാജ്യത്തിന്റെ വരവോടെ തങ്ങളുടെ പ്രവർത്തനകാലം അവസാനിച്ചെന്നു പിശാചുക്കൾ മനസ്സിലാക്കുന്നു. പിശാചുക്കളുടെ നാശത്തെ സൂചിപ്പിക്കുന്ന പന്നികളുടെ നാശം, ദൈവാധിപത്യം സ്ഥാപിതമാകുന്നതോടെ പിശാച് തകരുമെന്ന് മത്തായി സ്പഷ്ടമാക്കുന്നു. രോഗിയുടെ യഹൂദ പശ്ചാത്തലമാകാം ദൈവപുത്ര എന്ന വിളിയുടെ കാരണം.

## എന്തിന് എന്റെ കാര്യത്തിൽ ഇടപെടുന്നു

യേശു സാന്നിധ്യമയാൾക്ക്  ശല്ല്യമായി, തിന്മയിൽ ചടഞ്ഞുകൂടാനാണ് മനുഷ്യന് കൊതി. നമ്മെ കരം പിടിച്ചുയർത്തുന്നവന്റെ നന്മകൾക്കായി നമ്മെ വിട്ടുകൊടുക്കാം, ഞങ്ങളുടെ കാര്യങ്ങളിൽ ഇടപെടണമേയെന്നു പ്രാർത്ഥിക്കാം. ദൈവം പലപ്പോഴും ആട്ടിപ്പുറത്താക്കപ്പെടുന്നവനാണ്. യൂദാസവനെ ആട്ടിപ്പുറത്താക്കി.

## സമയത്തിനുമുമ്പ് എന്ന പദം

സമയത്തിനുമുമ്പ് എന്ന പദങ്ങൾ മത്തായിയുടെ പ്രത്യേകതയാണ്. മിശിഹായുടെ ഭരണം പൈശാചിക ശക്തിയെ നിഹനിക്കുമെന്ന് യഹൂദർ വിശ്വസിച്ചിരുന്നത് മത്തായി ഇവിടെ ഉപയോഗിക്കുന്നു.

## സൗഖ്യത്തിന്റെ വഴികൾ

വിദ്യാഹീനനും ഗ്രാമീണനുമായ മാനസികരോഗി. ശവകുടീരത്തിൽ താമസിച്ച് വസ്ത്രങ്ങൾ പോലും ഉപേക്ഷിച്ച് അക്രമകാരിയായി. എന്തെങ്കിലും മാനസികാഘാതത്തിന്റെ ഫലമായിരിക്കാമത്. ചടുലചലനങ്ങളോടെ ബീഭത്സമായ മുഖവുമായി പിശാചു ബാധിതൻ കടന്നു വരുന്നു. ഞാൻ, ഞങ്ങൾ എന്നൊക്കെ പുലമ്പി വിഘടിത വ്യക്തിത്വം അയാൾ കാട്ടുന്നു. ക്രൂരനായ അയാൾ യേശുവിന്റെ മുമ്പിൽ കുഞ്ഞാടിനെ പോലെയാകുന്നു. അയാളുടെ ചങ്ങലയും വിലങ്ങും തോൽവിയറിഞ്ഞ സമയം. യേശുവിന്റെ മുഖത്തെ ആത്ജ്ഞാഭാവം. “ഒഴിഞ്ഞ് പോ.” യേശു പറഞ്ഞു. അലറികരഞ്ഞ് കേട്ടുകേൾവിയിലെ പൈശാചിക കഥകളിലെ നായകനെപ്പോലെ അയാൾ പെരുമാറി. ഈ മാനസികരോഗിയുടെ ഭീകര ശബ്ദം കേട്ട് പന്നിക്കൂട്ടം ഭയന്നോടിയതാകാം. അപസ്വരം കേട്ടാൽ മൃഗങ്ങൾക്ക് വെകിളിപിടിച്ച് പായാറുണ്ട്. ഈ പാച്ചിൽ കണ്ട് യേശു പറഞ്ഞിരിക്കാം, “ഇതാ നിന്നെ ബാധിച്ച ദുഷ്ടാരൂപികൾ ഒഴിഞ്ഞു പോകുന്നു.” ആ അനുഭവത്തിലൂടെ തന്റെ സൗഖ്യം നേരിൽ കണ്ട അയാൾ താൻ സ്വതന്ത്രനായെന്നും ആരോഗ്യവാനുമായെന്ന് വിശ്വസിക്കുകയാണിവിടെ. നാഥനയാളെ സമൂഹത്തിന്റെ ഭാഗമാക്കി തീർത്തു (വി. ലൂക്കാ). ദൈവരാജ്യത്തിന്റെ മധുരിമ, വസ്ത്രം ധരിച്ച് പാദാന്തികത്തിലിരിക്കാൻ അയാളെ സൗഖ്യപ്പെടുത്തി.

## ലെഗിയോൺ

റോമൻസംസ്കാരത്തിലെ പദമാണത്. ആറായിരം പടയാളികളും 120 കുതിരക്കാരും, ഒരു നേതാവും ഉൾപ്പെടുന്നതാണ് ഒരു ലീജിയൻ. പാലസ്തീന റോമൻ സൈന്യത്തിന്റെ പത്താം റജിമെന്റായിരുന്നു. കൊടിയിൽ കടുവയുടെ ചിഹ്നമായിരുന്നു.

## പന്നി

യഹൂദർ അശുദ്ധ മൃഗമായ പന്നിയെ വളർത്തിയിരുന്നില്ല. ഗ്രീക്കുകാരുടെയും റോമാക്കാരുടെയും ബലിമൃഗമായിരുന്നു പന്നി.

പിശാചുക്കൾ ആവശ്യപ്പെട്ട ആനുകൂല്യം ലഭിച്ചെങ്കിലും അപ്രതീക്ഷിതമായതു സംഭവിക്കുന്നു. നാട്ടിൽ തങ്ങാൻ കഴിയാതെ അവർ തങ്ങളുടെ വാസസ്ഥാനമായ അഗാധങ്ങളിലേക്ക് പോകുന്നു. മാനസികരോഗിയുടെ ഭീകര ശബ്ദം കേട്ട് പന്നിക്കൂട്ടം ഭയന്നോടിയതാകാം. അപസ്വരം കേട്ടാൽ മൃഗങ്ങൾക്ക് വെകിളിപിടിച്ച് പായാറുണ്ട്.

മനുഷ്യന്റെ നന്മയ്ക്കായി പന്നിയുടെ നാശം ഈശോ മറക്കുന്നു. പിശാചുബാധിച്ച മൃഗം പിടിച്ചുനിൽക്കാനാവാതെ മുങ്ങിച്ചാകുന്നു. എന്നാൽ പിശാചു ബാധിച്ച മനുഷ്യൻ എനിക്കു യാതൊരു കുഴപ്പവുമില്ല, എന്റെ കാര്യത്തിൽ ആരും ഇടപെടേണ്ട എന്ന മനോഭാവവുമായി ജീവിക്കുന്നു.

മർക്കോസ് പറയുന്നു പന്നികളുടെ സംഖ്യ 2000 ആയിരുന്നെന്ന്. ലക്ഷങ്ങളുടെ വിലയുള്ള പന്നിക്കൂട്ടം.

## കുട്ടിപിശാചാകുന്ന നാം

നമ്മുടെ സാന്നിധ്യം മറ്റുള്ളവർക്ക് അസ്വസ്ഥത ഉളവാക്കുന്നെങ്കിൽ നമ്മിൽ പൈശാചികശക്തി പ്രവർത്തിക്കുന്നുണ്ട്. നമുക്കിഷ്ടപ്പെടാത്തതു സംഭവിക്കുമ്പോൾ ദൈവത്തെ ചോദ്യം ചെയ്യരുത്.

ആവശ്യത്തിന് പണമുള്ളപ്പോൾ ദൈവമേ നീയെന്തിന് എന്റെ കാര്യത്തിൽ ഇടപെടുന്നു എന്ന് ചോദിക്കുമ്പോൾ, വ്യക്തിജീവിതത്തേയും കുടുംബത്തേയും അപകടത്തിലേക്കു നയിക്കുന്ന തീരുമാനങ്ങളെടുക്കുമ്പോഴും നാം കുട്ടി പിശാചായി മാറുന്നു.

## പിശാചുബാധിതരുടെ ലക്ഷണങ്ങൾ

1) ശവകല്ലറകളിൽ താമസം. കല്ലറകൾ മരിച്ചവർക്കുവേണ്ടിയുള്ളതാണ്.സമൂഹത്തിൽ നിന്നും മനുഷ്യബന്ധങ്ങളിൽ നിന്നും ഉൾ വലിഞ്ഞു ജീവിക്കുന്ന പിശാചുബാധിതർ മരിച്ചവർക്കു തുല്ല്യമാണ്.
2) അവർ അപകടകാരികളായിരുന്നു. മറ്റുള്ളവരുടെ സാന്നിധ്യം അവർ ഇഷ്ടപ്പെട്ടിരുന്നില്ല.
3) നീ എന്തിനു ഞങ്ങളുടെ കാര്യങ്ങളിൽ ഇടപെടുന്നു. അവർ ധിക്കാരികളായിരുന്നു. ദൈവത്തെ ചോദ്യം ചെയ്യാൻ മടിയില്ല. വിധേയപ്പെടുവാൻ മനസ്സില്ല.
4) തെറ്റായ തീരുമാനങ്ങളെടുക്കുന്നു. അന്ത്യം ദുരന്തപൂർണ്ണമാകുന്നു.

## ഗ്രാമവാസികളുടെ ഭയം

ഗ്രാമവാസികൾ വൻ നഷ്ടങ്ങൾ തങ്ങൾക്കും ഉണ്ടാകുമെന്ന് ഭയപ്പെടുന്നു. ദൈവരാജ്യത്തിന്റെ പേരിൽ നഷ്ടം സഹിക്കുവാൻ അവർ തയ്യാറല്ല. ഈശോയുടെ പ്രവർത്തനങ്ങൾക്ക് എവിടെയും തടസ്സമുണ്ടാകുമെന്നതിനു സൂചനകൂടിയാണിത്. യേശു സാന്നിധ്യമവർക്ക് ശല്ല്യമായി, തിന്മയിൽ ചടഞ്ഞുകൂടാനാണ് മനുഷ്യന് കൊതി.

ഗ്രാമം ക്രിസ്തുവിനെത്തേടിയെത്തി. രക്ഷകനിതാ സ്വന്തം വീട്ടുമുറ്റത്ത്. സ്തുതിഗീതമല്ല, അതിരുവിട്ട് പോകു എന്ന ശാസനയാണവർ മുഴക്കിയത്. തങ്ങൾക്ക് പ്രിയം പന്നിക്കൂട്ടം തന്നെ. ശിഷ്യർ പരാജയപ്പെടുന്നത് ക്രിസ്തുവിന് മുകളിൽ മോഹങ്ങളുടെ പന്നിക്കൂട്ടങ്ങൾ മേയുന്നിടത്താണ്.

സമ്പത്തിനുപരി മനുഷ്യനു സ്ഥാനം കൊടുക്കണം. അത്തരം നഷ്ടങ്ങൾ നമ്മെ യേശുവിൽ നിന്നകറ്ററുത്. ഏതൊരു ദൈവാനുഭവത്തിനും ശക്തമായ വിലകൊടുക്കേണ്ടിവരും നമ്മൾ. അബ്രാഹമിന് ബലിയർപ്പിക്കാനൊരു മകൻ, ലോത്തിനുപേക്ഷിക്കാൻ മണ്ണ്. മോശയ്ക്ക് കാനാൻദേശം, സക്കേവൂസിന് പണപ്പെട്ടി........ ബാധിതനെ മനുഷ്യനാക്കിയവനായി ക്രിസ്തുവിനെ കാണാതെ, നഷ്ടമുണ്ടാക്കിയവനായി കാണുന്നു.

വചനപ്രഘോഷണം ജീവിതഭാഗമാക്കിയ യേശു രാപകൽ ആത്മാക്കളെ തേടുന്നു. മൃഗതുല്ല്യം കഴിഞ്ഞ ഒരാളെ സുഖപ്പെടുത്താൻ ഒരു നീണ്ടയാത്രതന്നെ നടത്തി. പിശാചിനോടുപോലും കരുണകാട്ടി. ആർക്കും അർഹിക്കുന്നത് നിഷേധിക്കാത്തവൻ. അവസാനം പ്രയോജനമില്ലാത്ത ദാസനെപ്പോലെ വിരമിച്ചു.

മാമോദീസ, കുർബാനസ്വീകരണം, സ്ഥൈര്യലേപനം എന്നിവ സ്വീകരിക്കുമ്പോൾ കാർമ്മികൻ ചോദിക്കുന്നു, “പിശാചിനേയും അവന്റെ ആഢംബരങ്ങളേയും നീ ഉപേക്ഷിക്കുന്നുവോ” എന്ന്. ഉത്തരം പറഞ്ഞവർ ഇന്ന് ആരുടെ സ്നേഹിതരാണെന്ന് സ്വയം തീരുമാനിക്കട്ടെ.